പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3658 — 20.06.2018 ൽ മറുപടിയ്ക്ക്

## മാവേലി സ്റ്റോറുകളിൽ ഗുണനിലവാരമുള്ള ഭക്ഷ്യ പദാർത്ഥങ്ങൾ വില്പന നടത്തുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. രാജഗോപാലൻ | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ പരിശോധിച്ച് നടപടി സ്വീകരിക്കാനും മാവേലി സ്റ്റോറുകളിൽ ഉൾപ്പെടെ ഗുണനിലവാരമുള്ള ഭക്ഷ്യ പദാർത്ഥങ്ങൾ വില്പന നടത്തുവാനും വേണ്ട നടപടികൾ സ്വീകരിക്കുമോ ; | (എ) ഓരോ ഡിപ്പോയിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി, ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമ പ്രകാരമാണെന്ന് ഉറപ്പുവരുത്താൻ പരിശോധന നടത്തിയതിനു ശേഷമാണ് സാധനങ്ങൾ സ്വീകരിക്കുന്നത്. കൂടാതെ CFRD, Regional Analytical Lab, NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലാബിലും ഉൽപ്പന്നങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. |
| (ബി) റേഷൻ ഗോതമ്പുകളിൽ ഉൾപ്പെടെ വ്യാപകമായ തോതിൽ മണലും ചെളിയും കലർത്തി ലഭ്യമാക്കുന്നത് തടയാനും ഇവയുടെ നിലവാരമുയർത്തുവാനും നടപടി സ്വീകരിക്കുമോ? | (ബി) NFSA ഗോഡൗണിൽ നിന്നും റേഷൻ ഡിപ്പോകളിലേക്ക് ഗോതമ്പ് വിതരണം ചെയ്യുന്നതിന് മുമ്പ് ഡിപ്പോയിലെ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥൻ ഉൾപ്പെട്ട കമ്മിറ്റി പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നു. |

സെക്ഷൻ ഓഫീസർ